(സി&ഡി) കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. അധികൃതരിൽ നിന്നുമുള്ള 4.77 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രിൻസിപ്പാൾ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം 3.59 കോടി രൂപ, നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കണമെന്നും അതോടാപ്പം പി.ഡബ്ല്യു.ഡി.-യിൽ നിന്നും ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ശേഖരിക്കണമെന്നുമുള്ള വ്യവസ്ഥയിൽ ജി.ഒ.(ആർ.ടി.) നമ്പർ 1289/14/തൊഴിൽ തീയതി 18-9-2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സ്ഥലം റിലിംഗ്യൂഷ് ചെയ്യുന്നതിനുള്ള നടപടി പ്രിൻസിപ്പാൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ ഡീറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്.

സ്കിൽ ഡെവലപ്മെന്റ് പദ്ധതി

260 (956) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാനും സമയബന്ധിതമായി നടപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം ലീസ് വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുശലകേന്ദ്രം തുടങ്ങുന്നതിന് കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുട്ടനാട്ടിലും സ്ഥലം കണ്ടെത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസൾട്ടേഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നീലിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിനുള്ള പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റിവയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.

261 (957) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാം നിര ഐ.ടി.ഐ.-ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാംനിര ഐ.ടി.ഐ. ആയി ഉയർത്തുന്നതിന് ശിപാർശ 2013-14-ലെ ബഡ്ജറ്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച പ്രഖ്യാപനം ആ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർ

262 (958) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബർ 31 വരെ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly